**13th December 2015 / Sunday** **49th day of 90 days**

**സങ്കീർത്തനങ്ങൾ 63:7**

**'എന്റെ ഉള്ളം നിന്നോട് (ദൈവം) പററിയിരിക്കുന്നു. നിന്റെ (ദൈവം) വലങ്കൈ എന്നെ താങ്ങുന്നു.'**

ഈ ലോകം ദുഷ്ടന്റെ അധീനതയിൽ കിടക്കുമ്പോൾ, ഈ ലോകത്തിൽ ജീവിക്കുന്ന നമ്മളിൽ ദുഷ്ടന്റെ അവകാശം ഉണ്ട്. അത് ഇല്ലാതാക്കി എങ്ങനെ നമ്മുടെ ഉള്ളത്തെ ദൈവത്തോട് ചേർത്ത് പററിയിരിക്കാം. ദൈവത്തോട് പററി ചേർന്നിരിക്കണമെങ്കിൽ, വിശുദ്ധിയോടെ കൂടെ ജീവിക്കണം. ഈ ലോകജീവിതത്തിൽ നാം അറിയാതെയും അറിഞ്ഞും അശുദ്ധികൾ വന്നു ചേരാം. ദൈവത്തോട് പററി ചേർന്നിരിക്കാൻ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിന് പിതാക്കന്മാർ ദിനംതോറും ഏഴ് യാമങ്ങളിൽ കൂടി പത്ത് പ്രാർത്ഥനകൾ ക്രമികരിച്ചിരിക്കുന്നത്. ഈ പ്രാർത്ഥനകൾ നമ്മുടെ ആന്തരികവും ബാഹ്യവുമായ പത്ത് ഇന്ദ്രീയങ്ങളെ ശുദ്ധീകരിക്കാൻ കൂടിയാണ്. സാധാരണ ജീവിതം നയിച്ചാലും മൂന്ന് മണിക്കൂർ കൊണ്ട് നാം അശുദ്ധരാകാം. അതുകൊണ്ടാണ് ഈ യാമപ്രാർത്ഥനകൾ ക്രമികരിച്ചിരിക്കുന്നത്. വിശ്വാസികൾ എത്രപേർ ഈ യാമപ്രാർത്ഥനകൾ ദിനംതോറും പൂർത്തീകരിക്കുന്നുണ്ട്. സന്ധ്യമുതൽ ഉച്ചവരെയുള്ള യാമപ്രാർത്ഥനകൾ പൂർണ്ണഹൃദയത്തോടെ പൂർത്തീകരിച്ച് വിശുദ്ധ കുർബ്ബാനയിൽ എത്രപേർ പങ്കെടുക്കുന്നവരുണ്ട്? ഏതെങ്കിലും ഒരു യാമപ്രാർത്ഥന ചൊല്ലാതെ വന്നാൽ നമ്മുടെ അശുദ്ധി പോകുകയില്ല, മാത്രമല്ല ദൈവത്തിന്റെ മുമ്പാകെ നാം കടക്കാരും ആകുന്നു. ഈ തക്കം നോക്കി സാത്താൻ നമുക്ക് എതിരെ കേസ്സുകൾ ഫയൽ ചെയ്തു സ്വർഗ്ഗത്തിൽ നിന്നുള്ള നമ്മുടെ അനുഗ്രഹങ്ങളെ തടസ്സപ്പെടുത്തും. ആയതിനാൽ യാമപ്രാർത്ഥനകൾ യഥാസമയം പൂർത്തിയാക്കി വിശുദ്ധിയിൽ ജീവിച്ചാൽ മാത്രമേ ദൈവത്തോട് ചേർന്നിരിക്കാൻ സാധിക്കുകയുള്ളു. അങ്ങനെ വിശുദ്ധിയോടെ കൂടി ദൈവത്തോട് ചേർന്നിരിക്കുമ്പോൾ രക്ഷയുടെ പാതകളിൽ ദൈവത്തിന്റെ വലം കൈയിൽ നമ്മെ താങ്ങികൊള്ളും. പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന ഏകജാതനായ യേശുവിന്റെ വലതുഭാഗത്തിരിക്കുമ്പോൾ, സകല കഷ്ടതകളിലും പ്രയാസത്തിലും വേദനകളിലും തന്റെ വലം കൈയാൽ താങ്ങി സംരക്ഷിച്ചുകൊള്ളും. ദൈവത്തോട് പററിച്ചേർന്നിരിക്കാൻ ദൈവസ്നേഹം വേണം. ദൈവസ്നേഹം എങ്ങനെയാണ് ആർജ്ജിക്കേണ്ടത്? ദൈവസ്നേഹം ലഭിക്കണമെങ്കിൽ നമ്മെ സൃഷ്ടിച്ച സൃഷ്ടാവിനെ അറിയണം. സൃഷ്ടാവിന്റെ ലക്ഷ്യങ്ങൾ അറിഞ്ഞ്, ആ സ്നേഹത്തെ അനുഭവിച്ച് അതിനോട് പ്രതികരിക്കുമ്പോൾ, ആ ദൈവസ്നേഹം ആണ് നമ്മെ ദൈവത്തോട് പററിച്ചേർത്ത് നിർത്തുന്നത്. ആ ദൈവസ്നേഹത്തിൽ സകലരെയും ശ്രേഷ്ഠരായി കരുതി സകലത്തിലും ദൈവസ്നേഹം പ്രകടിപ്പിക്കുവാനും അത് മററുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനും കഴിയണം. അതിനായി ദൈവത്തോട് ചേർന്നിരിക്കാം.



